# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P11/881/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 14/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P11/881/2023 തീയ്യതി: 14/09/2023

## പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 22-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 22-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ കെ, ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജേന്ദ്ര പ്രസാദ് എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി അംബിക സി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അജിത്ത്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മിപ്രിയ റ്റി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. രസീന ബീഗം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ലാലി സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അനിൽ മാമ്മൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി രാധാമണി ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 18-04-2022 |
| ശ്രീമതി പ്രിജി പ്രദീപ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-04-2022 | 14-01-2023 |
| ശ്രീമതി ശരണ്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-01-2023 | 31-03-2023 |
| ശ്രീമതി ചന്ദ്രലേഖ | ഡെയറി ഫാം ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സവാദ് ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രസന്നകുമാരി ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 11-05-2022 |
| ശ്രീ. പ്രതാപ് കെ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 12-05-2022 | 31-03-2023 |
| ശ്രീ. സുനിൽബാബു റ്റി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 19-07-2022 |
| ശ്രീ. രതീഷ് ഡി | വില്ലേജ് എക്സ്റ്റൻഷൻ | 20-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ-2 | | |
| ഡോ.ശ്യാം പ്രസാദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-3 |
| 5 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-4 |
| 6 | റവന്യൂ വരവ്, ബാധ്യത ഹെഡിൽ ബുക്ക് ചെയ്തു | 1-1-5 |
| 7 | വരവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു | 1-1-6 |
| 8 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കാൽക്കുലേഷൻ കൃത്യമല്ല | 1-1-7 |
| 9 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-8 |
| 10 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ബഡ്ജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനതു വരുമാന സമാഹരണം | 1-11 |
| 21 | വസ്തുനികുതിക്കൊപ്പം സേവന ഉപനികുതി പരിഷ്കരിച്ചില്ല | 1-12 |
| 22 | രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-13 |
| 23 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-14 |
| 24 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല | 1-15 |
| 25 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-16 |
| 26 | അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല | 1-17 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല | 1-18 |

| | | |
|---|---|---|
| 28 | കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചില്ല | 1-19 |
| 29 | സമഗ്ര ശിക്ഷ കേരളം പദ്ധതി- തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ പരിമിതം | 1-20 |
| 30 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം - പ്രോജക്ട് നടപ്പിലാക്കിയില്ല | 1-21 |
| 31 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനം | 1-22 |
| 32 | കൃഷി സംരക്ഷണത്തിനു വേലി - രേഖകൾ പൂർണ്ണമല്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-06-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27-06-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട

തീയതി: 08.09.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കര്യാലയം
പത്തനംതിട്ട

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62(2)F നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-5: Secured- Loan From KURDFC- ലോൺ അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് (രജിസ്റ്റർ പ്രകാരമുള്ളത്) തുകയും (₹ 1,10,29,389) വാർഷിക കണക്കിലെ തുകയും തമ്മിൽ (₹ 1,11,26,120) 96,731 രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-1-3 നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഷെഡ്യൂൾ ബി-12: Investment-Equity Shares- വാർഷിക കണക്കിൽ 1,85,620 രൂപയുടെ ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെടുന്നതിനാവശ്യമായ രേഖകളോ, നിക്ഷേപ സർട്ടിഫിക്കറ്റുകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-1-4 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 26,00,000 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-5 റവന്യൂ വരവ്, ബാധ്യത ഹെഡിൽ ബുക്ക് ചെയ്തു

ഷെഡ്യൂൾ ബി-9: Other Liabilities-Value Of Court Fee Stamp- റെവന്യൂ തുക ബാധ്യത ഹെഡിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് റവന്യൂ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-6 വരവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു

ഷെഡ്യൂൾ ബി-9: Other Liabilities- Liability In Respect Of Stale Cheques- ട്രഷറി റസീപ്റ്റ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ആയത് കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-7 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കാൽക്കുലേഷൻ കൃത്യമല്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-8 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ വ്യക്തതയില്ലാത്ത ഡിസൈൻ മൂലം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം അസറ്റ് രജിസ്റ്ററിൽ ട്രേസ് ചെയ്യാൻ കഴിയുന്നില്ല.

### 1-1-9 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

### 1-2 ബഡ്ജറ്റ്

8193205/- രൂപ മുന്നിരിപ്പും 354885000/- രൂപ വരവും 358523800/- രൂപ ചെലവും 4554405/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 21.3.2022-ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.3.2022-ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | രസീത് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,78,23,335 | |
| ഓഡിറ്റ് വർഷത്തെ വരവ് | 5,09,35,077 | 34,46,13,592 |
| ആകെ വരവ് | 6,87,58,412 | 34,46,13,592 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,26,54,513 | 31,36,64,182 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 2,61,03,899 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 12982000 | 12982000 | 12226140 | 755860 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 10100000 | 10100000 | 9823771 | 276229 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 948270 | 4613706 | 5561976 | 2810737 | Lapse-990281<br>Balance-1760958 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 90536 | 2234629 | 2325165 | 2082258 | 242907 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 46276000 | 46276000 | 41941948 | 4334052 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 4570000 | 4570000 | 4350331 | 219669 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 4549 | 7 | 4556 | -- | 4556 |
| ലൈബ്രറി ഗ്രാന്റ് | 698 | 19778 | 20476 | 19550 | 926 |
| ശുചിത്വ മിഷൻ | 2851905 | -- | 2851905 | 2023595 | 828310 |
| ബയോഡൈവേഴ്സിറ്റി ഫണ്ട് | 153732 | 4507 | 158239 | 25000 | 133239 |
| ലൈഫ് -സംസ്ഥാനം വിഹിതം | 860000 | 7500000 | 8360000 | 2360000 | 6000000 |
| ആയുർവേദം-അടിസ്ഥാന വികസനം | -- | 450000 | 450000 | -- | 450000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1299857 | 1039415 | 2339272 | 836751 | 1502521 |
| എം.ജി.എൻ. ആർ.ജി.എസ് | 1815 | 904324 | 906139 | 904829 | 1310 |
| ഹെൽത്ത് ഗ്രാന്റ് | -- | 351210 | 351210 | 115948 | 235262 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 97648 |
| ,, | അങ്കണവാടി അധിക വേതനം | 876000 |

| | | |
|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1952963 |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 235 | 160637851 | 205 | 100429834 | 30 | 62.52 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 34 | 30 | 11874357 | 10368402 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 15 | 6159464 | 4705994 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 82 | 63203368 | 44569735 |
| കൃഷി ഓഫീസർ | 17 | 17 | 4900500 | 2506985 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 14 | 13 | 6422847 | 3569409 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 7 | 54571898 | 24031149 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 4444308 | 2937647 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11 | 9 | 3384968 | 2893104 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 310000 | 310000 |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 7 | 7 | 1141793 | 965734 |
| വെറ്ററിനറി സർജൻ | 9 | 9 | 1998200 | 1490650 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 5 | 5 | 2186148 | 2065025 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 40000 | 16000 |
| ആകെ | 235 | 205 | 160637851 | 100429834 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1815 | 904324 | 906139 | 904829 | 1310 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26885000 | 26885000 | 26885000 | 0 |
| ആകെ | 1815 | 27789324 | 27791139 | 27789829 | 1310 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ* | *ചെലവ്* |
|---|---|---|

| | *എണ്ണം* | *തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1832 | 19207800/- |
| വിധവാ പെൻഷൻ | 890 | 9385200/- |
| കർഷക തൊഴിലാളി പെൻഷൻ | 335 | 3897200/- |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 269 | 2941200/- |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 41 | 456500/- |
| തൊഴിൽ രഹിത വേതനം | 19 | 11880/- |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023, 10 എ.എം.ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47,322 (നാൽപ്പത്തി ഏഴായി രത്തി മുന്നൂറ്റി ഇരുപത്തിരണ്ട് ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

സ്റ്റിയറിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം കൂടി പഞ്ചായത്തിന്റെ പൊതു കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗങ്ങളും നിശ്ചിത സമയങ്ങളിൽ കൂടിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങളോ ചർച്ച ചെയ്യപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | 2015-16 | 9.6.2017 |
| പെർഫോമൻസ് ഓഡിറ്റ് | 2.7.2022 | 1/2022 മുതൽ 3/2022 വരെ | 2.7.2022 |

## 1-11 തനതു വരുമാന സമാഹരണം

സ്ഥാപനത്തിന് തനതു വരുമാന സ്രോതസ്സുകൾ താരതമ്യേന കുറവാണ്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീ എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. എന്നാൽ ലഭ്യമായ വരുമാനം പൂർണ്ണമായും സമാഹരിക്കാൻ വേണ്ട ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ തനതു വരുമാനം പിരിച്ചെടുത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വർഷം | | |
|---|---|---|---|
| | 2020-21 | 2021-22 | 2022-23 |
| വസ്തുനികുതി | 2724099 | 3977381 | 3603154 |
| തൊഴിൽനികുതി | 1173019 | 1124050 | 1186740 |
| ലൈസൻസ് ഫീ | 89600 | 92600 | 201800 |
| പെർമിറ്റ് ഫീ | 168205 | 221729 | 268631 |

ലൈസൻസ് ഫീ, പെർമിറ്റ് ഫീ ഇനങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിഎസ്എൻഎൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വരുത്തിവച്ച വസ്തുനികുതി കുടിശ്ശിക ഇപ്രകാരം പിരിച്ചെടുക്കാൻ സാധിച്ചു. നിലവിൽ വസ്തുനികുതിയിനത്തിൽ റിലയൻസ് ടവറിന്റെ 13058 രൂപയും ശരത് ചന്ദ്രൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള Ix/338-ാം നമ്പർ കെട്ടിടത്തിന്റെ 35778 രൂപയുമാണ് വലിയ തുകകളായി അവശേഷിച്ചിട്ടുള്ളത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ, തനതു വരുമാനം സമാഹരിക്കുന്നതു സംബന്ധിച്ച ക്രിയാത്മക ചർച്ചകൾ നടക്കുകയോ അവലോകനം നടത്തുകയോ ചെയ്യുന്നില്ല. എല്ലാ കമ്മറ്റികളിലും വസ്തുനികുതി പിരിവിന്റെ പുരോഗതി മാത്രമാണ് പരിഗണിക്കുന്നത്. വിമുക്ത ഭടന്മാരുടെ വീടുകളുടെ നികുതി ഒഴിവാക്കൽ, ഒഴിഞ്ഞു കിടക്കുന്ന വീടുകളുടെ നികുതി ഇളവു ചെയ്യൽ എന്നിവ കൃത്യമായി നടക്കുന്നുണ്ട്. വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടുചേർന്ന് അനധികൃതമായി കൂടുതൽ മുറികളും നിലകളും കൂട്ടിച്ചേർക്കുന്നതു മൂലമുള്ള നികുതി നഷ്ടം സംബന്ധിച്ചോ, അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതു സംബന്ധിച്ചോ യാതൊരു ചർച്ചയും ഉണ്ടായിട്ടില്ല.

എ) വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് ജി.ഒ.(എം.എസ്) നം.77/2023/ തസ്വഭവ തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വർഷം തോറും അഞ്ചു ശതമാനം വീതം വർദ്ധനവ് 01.04.2023 തീയതി പ്രാബല്യത്തിൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച്, സാമ്പത്തിക വർഷാരംഭത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് നിലവിലെ വസ്തുനികുതിയുടെ അഞ്ച് ശതമാനം വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.

01.04.2023 മുതൽ നികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ബാധകമായ പരിഷ്കരിച്ച നിരക്കുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പ്രാബല്യത്തിലായിട്ടില്ല. ഇതിനായി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതിയുടെ 10 ശതമാനം എന്ന നിരക്കിൽ സേവന ഉപനികുതി പിരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സേവന ഉപനികുതി നിരക്ക് പരിഷ്കരിക്കാവുന്നതായിരുന്നെങ്കിലും അപ്രകാരം ചെയ്തില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉത്തരവിലെ നിർദ്ദേശം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|
| വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തിയിട്ടുണ്ടോ എന്ന പരിശോധന 30.06.2023നകം പൂർത്തീകരിക്കണം. | പരിശോധന ആരംഭിച്ചിട്ടില്ല |
| സേവന ഉപനികുതി പുതുക്കി നിശ്ചയിക്കണം | സേവന ഉപനികുതി പുതുക്കി നിശ്ചയിച്ചില്ല |
| 2023-24മുതൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യണം | കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. അന്തിമ വിജ്ഞാപനം ആയിട്ടില്ല. |

ബി) തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം ആരംഭിച്ചില്ല

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന പക്ഷം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം ചട്ടം17.2 പ്രകാരം പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിക്കേണ്ടതും, വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. കെട്ടിട ഉടമ, പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് (ചട്ടം17.4).

ഈ വിഷയം സംബന്ധിച്ച് 22.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ.) നം.77/2023 പ്രകാരം തുടർ നിർദ്ദേശം നൽകിയിരുന്നു. ഫീൽഡ് പരിശോധന നടത്തി, 30.06.2023 നകം വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കണമെന്നായിരുന്നു പ്രധാന നിർദ്ദേശം. ഇതു സംബന്ധിച്ച വിവര ശേഖരണം, ഡേറ്റ എൻട്രി എന്നീ ജോലികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

സി) തൊഴിൽനികുതി

തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ലെന്ന് 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വർഷ റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്തില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഗേറ്റ് വേ വുഡ് ഇൻഡസ്ട്രീസ് |
| 2. | മോഡേൺ ഓട്ടോ ആൻഡ് എഞ്ചിനീയറിംഗ് വർക്ക്സ് |
| 3. | സ്മാർട്ട് ഫുഡ് |
| 4. | ഈഡൻ മിനി സൂപ്പർ മാർക്കറ്റ് |
| 5. | മാധവം ഇൻഡസ്ട്രീസ് |
| 6. | ജെ ജെ റബ്ബർ ട്രേഡേഴ്സ് |
| 7. | കോയിക്കലേത്ത് ട്രേഡേഴ്സ് |
| 8. | കൃഷ്ണ മെറ്റൽ ഇൻഡസ്ട്രീസ് |
| 9. | അമൽ ഹോം ഇന്റീരിയർ |
| 10. | നിള അഗ്രോവെയ്സ് |
| 11. | സുരേഷ് ഓഫ്സെറ്റ് പ്രസ്സ് |

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഇല്ല.

Ii. തൊഴിൽനികുതി പത്രികകൾ പരിശോധിക്കാതെ നികുതി സ്വീകരിക്കുന്നു

തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വർഷ റിട്ടേണുകൾ പരിശോധിച്ചതിൽ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ വരുമാനം കൃത്യമായി കണക്കാക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. സ്വകാര്യ ക്ലിനിക്കുകളിലെ ഡോക്ടർമാർ പ്രതിമാസ ശമ്പളം ഇനത്തിൽ തീരെക്കുറഞ്ഞ തുകയാണ് കാണിക്കുന്നത്. ഉദാഹരണത്തിന് കെയർ ആൻഡ് റിലീഫ് ഫിസിയോ തെറാപ്പി സെന്ററിലെ ഡോ.വിജി പി.ചാക്കോയുടെ പ്രതിമാസ വരുമാനം 500രൂപയാണ് കാണിച്ചിട്ടുള്ളത്. മറ്റ് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | പ്രതിമാസ വേതനം | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് | ആകെ കുറവ് (രണ്ട് അർദ്ധവർഷം) |
|---|---|---|---|---|---|---|---|
| തോമ്പിൽ ബാങ്കേഴ്സ് | തുളസി എസ് കുമാർ | 15000 | 90000 | 750 | 600 | 150 | 300 |
| | ജയന്തി | 15000 | 90000 | 750 | 450 | 300 | 600 |

| | | | | | | | |
|---|---|---|---|---|---|---|---|
| കൃഷ്ണാ ഫ്യൂവൽസ് | പ്രമീള | 12000 | 72000 | 600 | 120 | 480 | 960 |
| | അനിൽ | 12000 | 72000 | 600 | 120 | 480 | 960 |
| | ശശിധരക്കുറുപ്പ് | 12000 | 72000 | 600 | 120 | 480 | 960 |
| | തുളസി | 12000 | 72000 | 600 | 120 | 480 | 960 |
| | പുഷ്പാംഗദൻ | 12000 | 72000 | 600 | 120 | 480 | 960 |
| ആകെ | | | | 4500 | 1650 | 2850 | 5700 |

തൊഴിൽനികുതി പത്രികകൾ യഥാവിധി പരിശോധിക്കാതെ നികുതി സ്വീകരിക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ് .

lii. കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1. | കുഞ്ഞുമോൻ ഡാനിയൽ |
| 2. | ബിജു എം |
| 3. | പി.കെ. ലത |
| 4. | സുരേഷ് കുമാർ |
| 5. | അനൂപ് ജി |
| 6. | ഗിരിധർ ഇ വി |
| 7. | നിധിൻ പി ജോൺ |
| 8. | ഗോപാലകൃഷ്ണക്കുറുപ്പ് |
| 9. | മുഹമ്മദ് അഫ്സൽ |
| 10. | കൃഷ്ണകുമാർ കെ ആർ |
| 11. | കെജി വിൽസൺ |
| 12. | അനീഷ് എ |
| 13. | സുനിൽ മാത്യു |
| 14. | ജയകൃഷ്ണൻ എം |
| 15. | അനിൽകുമാർ കെ ആർ |
| 16. | ജയലക്ഷ്മി ബി |
| 17. | പി കെ മുരളീധരക്കുറുപ്പ് |
| 18. | മുഹമ്മദ് ഷെറീഫ് |

lv. സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാൽ റേഷൻ റീട്ടെയിൽ ഡിപ്പോ ലൈസൻസികൾ, അവയിലെ ജീവനക്കാർ, ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, അവയിലെ ജീവനക്കാർ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കുന്നില്ല.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ ഓഡിറ്റ് എൻക്വയറികൾ (നം.5,6,15) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അപാകതകൾ പരിഹരിക്കുന്നതാണെന്ന സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഡി) ലൈസൻസ് ഫീസ് പിരിവ്

ഗ്രാമപ്പഞ്ചായത്തു പ്രദേശത്തെ സ്വകാര്യ വ്യവസായ, വ്യാപാര സ്ഥാപനങ്ങളുടെയും അവയിൽ തൊഴിലെടുക്കുന്നവരുടെയും പൂർണ്ണമായ വിവരം പഞ്ചായത്തിൽ ഇല്ല. അതിനാൽ ലൈസൻസ് ഫീ, തൊഴിൽനികുതി

ഇനത്തിലുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 2022-23 സാമ്പത്തികവർഷം ഇവയിൽ മൂന്ന് സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ.

പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനം പൂർണ്ണമായും സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വസ്തുനികുതിക്കൊപ്പം സേവന ഉപനികുതി പരിഷ്കരിച്ചില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങൾക്ക് 2023-24 മുതൽ ബാധകമായ പുതുക്കിയ വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കുകയും കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി നിരക്ക് പരിഷ്കരിച്ചില്ല. സേവന ഉപനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന് വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ [ജി.ഒ.(എം.എസ്) നം.77/2023തസ്വഭവ തീയതി 22.03.2023 ] ഖണ്ഡിക 2ൽ പറഞ്ഞിട്ടുണ്ട്.

നിലവിൽ അടിസ്ഥാന വസ്തുനികുതിയുടെ പത്തു ശതമാനമാണ് സേവന ഉപനികുതിയായി ഈടാക്കിവരുന്നത്. ഇത് ഏറ്റവും കുറഞ്ഞ നിരക്കാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഗ്രാമപഞ്ചായത്ത് നൽകുന്ന പക്ഷം, 2011-ലെ കേരള കേരളാ പഞ്ചായത്തിരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കുകൾ ഈടാക്കാവുന്നതാണ്. ചട്ടപ്രകാരമുള്ള കുറഞ്ഞ നിരക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

തെരുവുവിളക്ക് തെളിക്കൽ, കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം ഇനങ്ങളിൽ വർഷാവർഷം ഗ്രാമപഞ്ചായത്ത് ഗണ്യമായ തുക ചെലവഴിച്ചുവരുന്നു. ഈ സാഹചര്യത്തിൽ, സേവന ഉപനികുതി നിരക്ക് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ പാലിച്ചല്ല രസീതു ബുക്കുകൾ ഉപയോഗിച്ചിട്ടുള്ളത്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 01.04.2011 ൽ നിലവിൽവന്നിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനുവേണ്ടിയുള്ള രസീതു ബുക്കുകളിൽ, കൈയെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണമെന്ന് ചട്ടം20(2) സി യിൽ നിഷ്കർഷിക്കുന്നു.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ച രസീതു ബുക്കുകൾ പരിശോധിച്ചതിൽ, ചട്ടത്തിലെ മേൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്നു കണ്ടു. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല രസീതുകൾ എഴുതിയിരിക്കുന്നത്. ഇപ്രകാരം ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ രസീതുകൾ നൽകുന്നത്, രസീതു മുഖേനയുള്ള പണം പിരിവിന്റെ സുതാര്യത നഷ്ടപ്പെടാൻ ഇടയാക്കും. മേൽപ്പറഞ്ഞ അപാകതയ്ക്ക് ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം വാങ്ങി ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം.07/15.07.2023) നൽകിയിരുന്നു. രസീതു ബുക്കുകൾ ഉപയോഗിക്കുന്നതിലെ പരിചയക്കുറവാണ് ഇപ്രകാരം അപാകത ഉണ്ടാകുന്നതിനിടയാക്കിയതെന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. രസീതു ബുക്കുകളുടെ ഉപയോഗത്തിൽ ചട്ടത്തിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-14 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 31,500/-രൂപ അവശേഷിക്കുന്നുണ്ട് (31-03-2023). 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. പ്രസ്തുത ഹെഡിൽ അവശേഷിക്കുന്ന 31,500/- രൂപ ഇക്കാരണങ്ങളാൽ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-15 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളും, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താകളെയും കണ്ടെത്തി പുനരധിവാസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 14439100/- രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ഇനം | വകയിത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഭക്ഷണം | 3851000 | 3685402 |
| ചികിത്സ ധനസഹായം | 182500 | 0 |
| വീട് നിർമ്മാണം | 6800000 | 2200000 |
| വീട് മെയിന്റനൻസ് | 2325000 | 395000 |
| വൈദ്യുതികരണം | 32000 | 0 |
| ശൗചാലയം | 288000 | 53000 |
| കുടിവെള്ളം | 532000 | 60000 |
| ഭൂമി | 150000 | 150000 |
| തൊഴിൽ പരിശീലനം | 10000 | 0 |
| കൗൺസിലിംഗ് | 5000 | 0 |
| പലവക | 60600 | 71734 |
| മെഡിക്കൽ ക്യാമ്പ് | 34000 | 0 |
| വിദ്യാഭ്യാസം | 79000 | 24772 |
| റിസർവ് ഫണ്ട് | 90000 | 0 |
| | 14439100 | 6639908 |

ഓഡിറ്റ് വർഷം ചലഞ്ച് ഫണ്ടിനത്തിൽ തുകയൊന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ കാരണത്താൽ ഭക്ഷ്യകിറ്റ് വിതരണം ചെയ്യാൻ തുകയുടെ അപര്യാപ്തത അനുഭവപ്പെട്ടു. പദ്ധതി അടിയന്തിരമായി പരിഗണിച്ച് എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭ്യമാകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ " അടുക്കളമുറ്റത്തെ കോഴിവളർത്തൽ - വനിത " ( 275/2023) എന്ന പ്രോജക്ട് പ്രകാരം കുടുംബശ്രീ അംഗങ്ങളായ 17 വനിതകൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 40800 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്തിട്ടില്ല. സിഡിഎസ് ചെയർപേഴ്സൺ ലഭ്യമാക്കിയ ലിസ്റ്റ് 06.02.2023ലെ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 3(17) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയാണുണ്ടായത്. അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതിന് വിധേയമായിട്ടാണ് പ്രസ്തുത ലിസ്റ്റിന് പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകിയിട്ടുള്ളത്. ആനുകൂല്യം നൽകിയ ഗുണഭോക്തൃ ലിസ്റ്റിന് തുടർന്ന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്ന വിവരം ലഭിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (01/14.07.2023). ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതു സംബന്ധിച്ച് പഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. പദ്ധതി നിർവ്വഹണത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയം

ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അതിദാരിദ്ര്യ മൈക്രോപ്ലാൻ പൂർണ്ണമായി നടപ്പിലാക്കിയില്ല

അതിദാരിദ്ര്യ സർവ്വേ മുഖേന കണ്ടെത്തിയവർക്ക് അവരുടെ ദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി ഒരു മൈക്രോപ്ലാൻ പഞ്ചായത്തിൽ രൂപീകരിക്കണമെന്ന് പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 84/2022/തസ്വഭവ തീയതി 19.4.2022) പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വേ നടത്തി 79 ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. എന്നാൽ, വിവിധ കാരണങ്ങളാൽ 22 പേരെ ഒഴിവാക്കി.

151/23 നമ്പർ പ്രോജക്ടിൽ അതിദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ട 19 പേർക്ക് ഭക്ഷ്യകിറ്റ് നൽകുന്നതിന് 28299/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭവനനിർമ്മാണം ആവശ്യമുള്ള ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. അതിദാരിദ്ര്യ മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2021-22 വർഷം ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിലേക്ക് കൈമാറിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനായി നൽകിയ 104524 രൂപയാണ് പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം മിച്ചമുള്ളതെന്ന് വ്യക്തിഗത ലഡ്ജർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. കൃത്യമായി മോണിറ്ററിംഗ് ഇല്ലാതിരിക്കുന്നതിനാൽ ഇത്രയും തുക പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പ്രോജക്ട് നിലവിൽ നടപ്പാക്കിവരുന്നതിനാൽ മേൽപ്പറഞ്ഞ നീക്കിയിരിപ്പ് തുക തൻവർഷം ഉപയോഗിക്കേണ്ട സാഹചര്യം ഇല്ല. വികസനഫണ്ടിനത്തിലുള്ള ടി തുക തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചില്ല

കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കൃഷി ഓഫീസർ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ " കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം.93/2023)- " എന്ന പ്രോജക്ട് പ്രകാരം റീജ്യണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ) എന്ന സ്ഥാപനത്തിൽനിന്ന് 1,00,000രൂപ ചെലവഴിച്ച് ചുവടെ പറയുന്ന യന്ത്രങ്ങൾ / ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | വില |
|---|---|---|
| 1 | FJ 500 RD MODEL HONDA POWER TILLER (3.9HP) | 88704 |
| 2 | YELLOW RIDGER 10896 (FJ500RD) | 8904 |
| 3 | GUM BOOT WELCOME 8” | 2392 |
| | ആകെ | 100000 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) അംഗീകാരമില്ലാത്ത സ്ഥാപനത്തിൽനിന്ന് വാങ്ങൽ നടത്തി

റെയ്ഡ്കോ സ്വയം ഉല്പാദിപ്പിക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ മാത്രം വിൽക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി റെയ്ഡ്കോയെ അംഗീകരിച്ച് 24.11.2022ലെ ജി ഒ.(ആർ.റ്റി.) നം.2911/2022തസ്വഭവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ റെയ്ഡ്കോ നിർമ്മിക്കാത്ത യന്ത്രോപകരണങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽനിന്ന് വാങ്ങിയിട്ടുള്ളത്.

ബി) പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുന്നതിനു മുൻപ് പർച്ചേസ് ഓർഡർ നൽകി

ഗാർഡൻ ടില്ലർ വാങ്ങുന്നതു സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുന്നതിനു മുൻപുതന്നെ റെയ്ഡ്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകി. റെയ്ഡ്കോയിൽനിന്ന് വാങ്ങൽ നടത്താൻ 16.12.2022ലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനിച്ചു. എന്നാൽ 25.10.2022ൽത്തന്നെ റെയ്ഡ്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകിയിരുന്നു.

സി) കരാറിൽ ഏർപ്പെടാതെ യന്ത്രോപകരണങ്ങൾ കൈമാറി

ചാരിറ്റബിൾ സൊസൈറ്റീസ് നിയമം/ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും, രണ്ട് വർഷത്തെ

പ്രവർത്തനമുള്ളതുമായ കർഷക സമിതി ആയിരിക്കണമെന്നും, യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്ക് ആയിരിക്കുമെന്നും, യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണമെന്നും പതിനാലാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) നം 115/2022തീയതി 28.05.2022] നിഷ്കർഷിക്കുന്നു. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കാർഷിക കർമ്മസേനയ്ക്ക് ഗാർഡൻ ടില്ലർ കൈമാറിയത്.

ഈ വിവരം 20.07.2023ൽ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് 21.07.2023ൽ കൃഷി ഓഫീസർ കാർഷിക കർമ്മസേനയുമായി കരാറിലേർപ്പെടുകയും പകർപ്പ് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു. 25.10.2022ൽ റെയ്ഡ്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകിയിരുന്നെന്നും റെയ്ഡ്കോയിൽനിന്ന് വാങ്ങൽ നടത്താൻ 16.12.2022ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയാണ് തീരുമാനിച്ചതെന്നും കൃഷി ഓഫീസർ മറുപടിയിൽ അറിയിച്ചു.

പ്രൊക്യൂർമെന്റ് കമ്മറ്റിത്തീരുമാനമില്ലാതെ മുൻപ് പർച്ചേസ് ഓർഡർ നൽകിയതും, സർക്കാർ അനുമതിയില്ലാത്ത സ്ഥാപനത്തിൽനിന്ന് വാങ്ങൽ നടത്തിയതും തെറ്റായ നടപടിയാണ്. അപാകതകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സമഗ്ര ശിക്ഷ കേരളം പദ്ധതി- തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ പരിമിതം

2022-23 സാമ്പത്തിക വർഷം സമഗ്ര ശിക്ഷ കേരളം പദ്ധതി ജനറൽ, പ്രത്യേക ഘടക പദ്ധതി വിഭാഗങ്ങളിൽ പ്രോജക്ട് നടപ്പാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ (എസ്.0132/23) 3,00,000 രൂപയും, എസ്.സി.പി. യിൽ (എസ്.0133/23) 2,00,000 രൂപയും എസ്.എസ്.കെ. ബ്ലോക്ക് റിസോഴ്സ് സെന്ററിൽ ഒടുക്കിയിട്ടുണ്ട്.

പതിന്നാലാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, സ.ഉ.(കൈ) നം. 84/2022 /തസ്വഭവ തീയതി: 19-04-2022 പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ വേണം സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നു. പ്രോജക്ട് രൂപീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് സർകേണ്ടതുമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം എന്നും പ്രതിപാദിക്കുന്നു. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വിശദാംശങ്ങൾ എസ്.എസ്.കെ. ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം മാത്രമാണ് എസ്.എസ്.കെ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. എസ്.എസ്.കെ യുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഭരണസമിതി വിലയിരുത്തേണ്ടതും തദ്ദേശ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഭാവിയിൽ ഉറപ്പാക്കേണ്ടതുമാണ്.

## 1-21 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം - പ്രോജക്ട് നടപ്പിലാക്കിയില്ല

ഗുരുതരമായ വൃക്കരോഗം ബാധിച്ചവർക്ക് ഡയാലിസിസ് ചെയ്യുന്നതിനു ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ, വികസനഫണ്ടിൽനിന്ന് ഒരു ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിക്കപ്പെട്ട " വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം (നം.153/2023) " എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. അർഹരായ ഒൻപത് ഗുണഭോക്താക്കളെ ഇതിനായി തെരഞ്ഞെടുത്തിരുന്നു. ജി.ഒ.(ആർ.റ്റി.) നം.185/2023 ആ.കു.വ.) പ്രകാരം മെഡിക്കൽ ഓഫീസറെ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പകരം ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി പ്രോജക്ട് നടപ്പിലാക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കഴിയാത്ത അവസ്ഥയുണ്ടായി. ഇപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടു. രോഗികൾക്ക് പ്രയോജനപ്രദമാകുന്ന ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപ്പഞ്ചായത്തിലെ 20 അങ്കണവാടികളിൽ 4 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. രണ്ട് അങ്കണവാടികൾക്ക് സ്ഥലമുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. എല്ലാ അങ്കണവാടികളിലും വൈദ്യുതിയും കുടിവെള്ളവും ഗ്യാസ് കണക്ഷനും ലഭ്യമാണ്. എന്നാൽ ചുറ്റുമതിൽ ഇല്ലാതെ പ്രവർത്തിക്കുന്നവയും ഉണ്ട്.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22

തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും മറ്റ് അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-23 കൃഷി സംരക്ഷണത്തിനു വേലി - രേഖകൾ പൂർണ്ണമല്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ " വന്യജീവികളിൽനിന്നും കൃഷി സംരക്ഷണത്തിനു വേലി " എന്ന പ്രോജക്ട് പ്രകാരം തനതുഫണ്ടിൽനിന്ന് 80606 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 148429 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ ചെലവുരേഖകളും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡിന്റെ കോപ്പി, കൃഷി ഭൂമിയുടെ കരമടച്ച രസീത്, വേലി സ്ഥാപിച്ചതു സംബന്ധിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവയാണ് ഓഡിറ്റിനു ഹാജരാക്കാതിരുന്നത്.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| എം.കെ. പ്രസാദ് | 40000 |
| രാകേഷ് രാമകൃഷ്ണൻ ഉണ്ണിത്താൻ | 35000 |
| പ്രദീപ് | 20000 |
| ജ്യോതിഷ് കുമാർ | 34287 |
| ദാമോദരൻ പിവി | 8525 |
| ജയകുമാർ ഡി | 16223 |
| ആകെ | 154035 |

ഈ വിവരം ഓഡിറ്റ് എൻക്വയറി (08/23 19.07.2023) മുഖേന കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ഇക്കാരണത്താൽ 154035 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 45500 | സമഗ്ര നെൽകൃഷി വികസനം | 45500 | 0 |
| പന്തളം ബ്ലോക്ക് | 340000 | ലൈഫ് ഭവന പദ്ധതി | 340000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 980000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 980000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 96446 | അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 96446 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 226600 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 226600 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 32000 | പാലിന് സബ്സിഡി (ജനറൽ) | 32000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 136065 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന ചെലവ് | 136065 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 240000 | എസ്.സി വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് | 240000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 148429 | വന്യ ജീവികളിൽ നിന്നും കൃഷി സംരക്ഷണത്തിന് വേലി | 148429 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 250000 | സമഗ്ര നെൽകൃഷി വികസനം | 250000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 789223 | സാന്ത്വന പരിചരണം | 789223 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ദുരന്ത നിവാരണ ഉപകരണങ്ങൾ വാങ്ങൽ | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 640000 | ഭവന നിർമ്മാണം- ലൈഫ് ഭവന പദ്ധതി (ജനറൽ) | 640000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 5560000 | ഭവന നിർമ്മാണം- ലൈഫ് ഭവന പദ്ധതി (എസ്.സി) | 5560000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 73400 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 73400 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 158785 | അംഗൻവാടി പോഷകാഹാര പരിപാടി | 158785 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 64854 | അംഗൻവാടി പോഷകാഹാര പരിപാടി | 64854 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 535975 | പാലിന് സബ്സിഡി (ജനറൽ) | 535975 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 170000 | പാലിന് സബ്സിഡി (ജനറൽ) | 170000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ്ലൈൻ നീട്ടൽ (249/23) | 1435440/- | 0 | 1435440/- |
| ഭൂജല വകുപ്പ് | കുടിവെള്ള പദ്ധതി- ഭഗവതിക്കും പടിഞ്ഞാറ് | 1457000/- | 0 | 1457000/- |

| | | | | |
|---|---|---|---|---|
| | (29/23) | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻ വർഷം ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1,30,80,000 | ഇല്ല | 20,50,611 | -- | 11029389 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23880/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2016-17 | 3-6 | 15000/- | ഡോ. രാഗി ആർ ജി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1220601499/25.11.2022 |
| 2021-22 | 1-11 | 1200/- | Kerala Agro Industries Development Corporation | 120100523/18.5.2022 |
| 2021-22 | 1-11 | 3080/- | സത്യദാസൻ ഡി | 1220602158/25.1.2023 |
| 2021-22 | 1-11 | 600/- | Care And Relief Physio Therapy Centre | 1220603206/23.3.2023 |
| 2021-22 | 1-12 | 4000/- | മൗണ്ട് സിനായി | 1220602782/6.3.2023 |
| | ആകെ | 23880/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 | ഡി ആന്റ് ഒ ലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,87,58,412 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,26,54,513 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,54,035 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 154035 | ശ്രീമതി ലാലി സി., കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലാലി സി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, പന്തളം തെക്കേക്കര കൃഷി ഭവൻ | ചോനാട്ടുവടക്കേതിൽ ഗോവിന്ദം, പെരുംകുളം പി.ഒ. കൊട്ടാരക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം ., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി4/233/07 തീയതി 11.04.07 | 1 (2-21) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7/39(A)09 തീയതി 26.07.10 | 1 (3-9) |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി11/454/15 തീയതി 25.07.15 | 2 (3-5, 3-14) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/853/16 തീയതി 27.07.16 | 1 (3-1) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1385/16 തീയതി 10.01.2017 | 4(2-1,3-1,3-2,3-7) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/761/17 തീയതി 07.07.2017 | 2 (3-6, 3-19) |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/1360/18 തീയതി 25.10.2018 | 5 (3-3, 3-5, 3-9, 3-12(2), 3-26) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി11/421/2021 തീയതി 30.06.2021 | 8 (1-2, 1-13, 1-15, 1-16, 1-17, 4-2, 4-7, 4-10) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/637/2022 തീയതി 12.07.2022 | 7 (1-14, 1-15, 1-18, 1-19, 1-23 1-24, 4-2) |
| 2021-212 | കെ.എസ്.എ.പി.റ്റി.എ.പി11/1368/2022 തീയതി 06.01.2023 | 11 (1-11, 1-15, 1-18, 1-20, 1-21, 1-22, 1-23, 1-25, 1-28, 4-1, 4-2) |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the PANDALAM THEKKEKARA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PANDALAM THEKKEKARA Grama Panchayat for the year 2022-2023

Date: 14/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PANDALAM THEKKEKARA Grama Panchayat for the Year 2022-2023.

**1.Major Observations**

1) The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2. Schedule B 12: Investment-Equity Shares-Rs. 1,85,620- Non Production of Investment and Other share certificate for physical verification.

**2.Other Observations**

1) Non inclusion of Ratios in Financial statements and non disclosure of material facts.

2. Schedule B5- Secured Loan from KURDFC- The amount shown in the Annual Financial Statements (Rs. 1,11,26,120) does not match with the amount shown in the register (Rs. 1,10,29,389) concerned. There is a difference of Rs. 96,731.

3. Schedule B-11(b): Capital work in progress- The accuracy of the amount recorded as Capital Work in progress Rs. 26,00,000 could not be ascertained.

4. Schedule B-9: Other Liabilities- Liability in respect of stale cheques- Misclassification of Receipt voucher.

5. Lapses in making timely and accurate demand entries in respect of tax and non tax revenue.

6. Schedule B-9: Other Liabilities-Value of court fee Stamp- Missclassification of Receipt voucher.

7. According to the cash flow statement, "Net increase in cash and cash equivalents" for the period 2022-23 is recorded as Rs. 82,80,564. But in this paper, "Net cash generated by Operating+Investing+Financing Activity" for the period of 2022-23 is recorded as Rs. 2,29,78,885. The two amounts in the statement submitted by the Grama Panchayat do not match although the above two amounts should be reconciled as per accepted accounting standards.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്